>> മുഖക്കുറിപ്പ്

# സി.ആർ.പി.സി ഭേദഗതി ബിൽ

**പാർലമെന്റിന്റെ** കഴിഞ്ഞ സമ്മേളനം പാസാക്കിയ സി.ആർ.പി.സി (ക്രിമിനൽ പ്രൊസീജിയർ കോഡ്) ഭേദഗതി ബില്ലിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ ഒപ്പുവെച്ചിരിക്കുന്നു. ഇനി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് പുതിയ നിയമം പ്രാബല്യത്തിൽ വരും. സി.ആർ.പി.സിയുടെ 41, 309 വകുപ്പുകളാണ് ഭേദഗതി ചെയ്യപ്പെട്ടത്. ക്രിമിനൽ കേസുകളിൽ പ്രതികളെന്ന് സംശയിക്കപ്പെടുന്നവരെ അറസ്റ്റ് ചെയ്യാനും 24 മണിക്കൂർ കസ്റ്റഡിയിൽ വെക്കാനും, കോടതി മുഖേന ജയിലിലടക്കാനും നിലവിലുള്ള നിയമം പോലീസിനു നൽകുന്ന അധികാരം നിയന്ത്രിക്കുന്നതാണീ ഭേദഗതി. ഇതനുസരിച്ച് 7 വർഷത്തിൽ കുറഞ്ഞ തടവു ശിക്ഷ വിധിക്കാവുന്ന കുറ്റങ്ങളിൽ പ്രതികളാകുന്നവരെ അറസ്റ്റ് ചെയ്യേണ്ടതില്ല. പോലീസ് സ്റ്റേഷനിൽ ഹാജരായി അന്വേഷണത്തിൽ സഹകരിക്കാൻ നോട്ടീസ് അയച്ചാൽ മതി. പ്രതികൾ സഹകരിക്കാൻ തയാറാകുന്നില്ലെങ്കിലേ അറസ്റ്റ് വേണ്ടൂ. അറസ്റ്റിലാകുന്നവർക്ക് ബന്ധുക്കളെയും സുഹൃത്തുക്കളെയും വിവരമറിയിക്കാൻ അവകാശമുണ്ട്. വധശ്രമം മുതൽ ആത്മഹത്യാ ശ്രമം വരെയുള്ള അധിക കുറ്റകൃത്യങ്ങളും പരമാവധി ഏഴു വർഷംവരെ തടവ് ശിക്ഷ ലഭിക്കാവുന്നവയാണ്. ഇനി മുതൽ അത്തരം കുറ്റങ്ങളിലേർപ്പെടുന്നവർ അറസ്റ്റ് ഭയപ്പെടേണ്ടതില്ല.

ക്രമസമാധാന പാലനത്തെയും നീതിന്യായ സംവിധാനത്തെയും ആഴത്തിൽ സ്വാധീനിക്കുന്ന സി.ആർ.പി.സി ഭേദഗതിയടക്കമുള്ള എട്ടു ബില്ലുകൾ ലോക്സഭ പാസാക്കിയത് കേവലം 18 മിനിറ്റു കൊണ്ടാണ്. ബഹളംമൂലം ഒരു ബില്ലും ചർച്ചക്കു വിധേയമായില്ല. അടുത്തകാലത്തായി നമ്മുടെ നിയമനിർമാണസഭകൾ ചുട്ടെടുക്കുന്ന പല നിയമങ്ങളും ജനപ്രതിനിധികളുടെ നിരുത്തരവാദപരമായ പെരുമാറ്റത്തിന്റെ നിദർശനങ്ങളാണ്. പാർലമെന്റിനകത്തും പുറത്തും വ്യാപകമായി ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു സി.ആർ.പി.സി ഭേദഗതി. അത് എവിടെയും ഒരു ചർച്ചയുമില്ലാതെ നിമിഷാർധം കൊണ്ട് പാസാക്കാമെങ്കിൽ പിന്നെ പാർലമെന്റ് എന്നൊരു സ്ഥാപനമെന്തിനാണ്? അതിൽ 540ലേറെ അംഗങ്ങളെന്തിനാണ്?

നിയമകമീഷൻ ശിപാർശകളെയും ജസ്റ്റിസ് മളീമഠ് കമ്മിറ്റി റിപ്പോർട്ടിനെയും, ജയിലുകളിൽ വിചാരണത്തടവുകാർ തിങ്ങിക്കൂടുന്നതൊഴിവാക്കാൻ സുപ്രീംകോടതി നൽകിയ മാർഗനിർദേശങ്ങളെയും അടിസ്ഥാനമാക്കി തയാറാക്കിയതാണ് സി.ആർ.പി.സി ഭേദഗതി എന്നാണ് റിപ്പോർട്ട്. പക്ഷേ ആശ്വാസത്തോടൊപ്പം അവഗണിക്കാനാവാത്ത ചില ആശങ്കകളും പുതിയ നിയമം ഉയർത്തുന്നുണ്ട്. അഭിഭാഷകർ അതിനെതിരെ ശബ്ദമുയർത്തിക്കഴിഞ്ഞു. ഭേദഗതി ചെയ്ത നിയമം നോട്ടിഫൈ ചെയ്യരുതെന്ന് അവർ ഗവൺമെന്റിനോടാവശ്യപ്പെട്ടിരിക്കുകയാണ്.

വെറും സംശയത്തിന്റെ പേരിൽ പൗരന്മാരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ച് പീഡിപ്പിക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണ്. കുറ്റം തെളിഞ്ഞാൽ ലഭിക്കാവുന്ന തടവുശിക്ഷയെക്കാൾ കൂടുതൽ കാലം ജയിലിൽ കഴിയേണ്ടിവരുന്ന വിചാരണത്തടവുകാർ ധാരാളമുണ്ട്. ഇത്തരം അന്യായങ്ങൾക്ക് അറുതിയാകുമെന്നതാണ് ഭേദഗതി ബില്ലിന്റെ മെച്ചം. ജയിലുകളിലെ തിക്കും തിരക്കും ഒഴിവാകുന്നതും നല്ല കാര്യം തന്നെ. എന്നാൽ വധശ്രമം, തട്ടിക്കൊണ്ടുപോകൽ, മോഷണം, പിടിച്ചുപറി, അക്രമിച്ചു പരിക്കേൽപിക്കൽ തുടങ്ങിയ കുറ്റങ്ങൾ നിസ്സാരമല്ല. ഇത്തരം കുറ്റകൃത്യങ്ങൾ നാട്ടിൽ പെരുകിവരികയാണ്. അതിലൊക്കെ പ്രതികളാകുന്നവർ പിടിക്കപ്പെട്ടാലും ജയിലിൽ പോകേണ്ടിവരില്ല എന്നുവരുന്നത് കുറ്റകൃത്യങ്ങൾ ഇനിയും വർധിക്കാൻ അവസരം സൃഷ്ടിക്കുകയില്ലേ? ഏഴു വർഷത്തിൽ കുറഞ്ഞ തടവുശിക്ഷ ലഭിക്കാവുന്ന പ്രതികൾ അറസ്റ്റ് ചെയ്യപ്പെടേണ്ടതില്ല എന്നനുശാസിക്കുന്നത്, അത്തരം കുറ്റവാളികൾക്ക് ജാമ്യമനുവദിക്കാൻ പോലീസിനെ അധികാരപ്പെടുത്തുന്നതിനു തുല്യമാണ്. പല കേസുകളും കോടതിയിലെത്താതെ പോലീസ് സ്റ്റേഷനുകളിൽ തേഞ്ഞുമാഞ്ഞു പോകാൻ ഇതിടയാക്കും. പോലീസ് സേനയിൽ നടമാടുന്ന അഴിമതിക്ക് ആക്കംകൂട്ടുകയും ചെയ്യും. ഇന്ത്യയിലെങ്ങും ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം ക്ഷയിച്ചുവരികയാണ്. മയക്കുമരുന്ന് മാഫിയകളുടെ തലപ്പത്ത് ഐ.പി.എസ് ഏമാന്മാർ വാഴുന്ന കാലമാണിത്. പോലീസ് ഇപ്പോഴുള്ള ചുമതലാഭാരം കൊണ്ടുതന്നെ ഞെരുങ്ങുന്നുവെന്നതും വസ്തുതയാണ്. ഈ സാഹചര്യത്തിൽ കോടതിയുടെ ഉത്തരവാദിത്വങ്ങളിൽ ചിലതുകൂടി അവരുടെ ചുമലിൽ വെച്ചുകൊടുക്കുന്നത് ഒട്ടും ആശാസ്യമായിരിക്കുകയില്ല.

ജയിലുകളിൽ വിചാരണാത്തടവുകാർ തിങ്ങിക്കൂടുന്നത് ഒഴിവാക്കാനുള്ള ശരിയായ മാർഗം കുറ്റവാളികൾ അറസ്റ്റ് ചെയ്യപ്പെടാതിരിക്കുകയല്ല. ആണെങ്കിൽ കോടതികളുടെ കേസ്ഭാരം ലഘൂകരിക്കാനുള്ള മാർഗം, ചില കുറ്റകൃത്യങ്ങളെ വിചാരണയിൽനിന്നും ശിക്ഷയിൽനിന്നും ഒഴിവാക്കുകയാണെന്നും വന്നുകൂടും. ജയിലുകളുടെയും കോടതികളുടെയും എണ്ണവും വണ്ണവും കൂട്ടുകയാണ് ശരിയായ പോംവഴി.

നീതിന്യായ സംവിധാനം കൂടുതൽ ഫലപ്രദവും ചടുലവുമാക്കുകയാണ് ലക്ഷ്യമെങ്കിൽ, കോടതിയുടെ അധികാരം പോലീസിനു നൽകുന്നതിനു പകരം കൂടുതൽ കോടതികളും കുടുംബകോടതികളും അതിവേഗ കോടതികളും സ്ഥാപിക്കുകയും കുറ്റവാളികളുടെ വർധനക്കനുസൃതമായി ജയിലുകൾ വികസിപ്പിക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. ലക്ഷക്കണക്കിൽ കേസുകളാണ് കോടതികളിൽ കെട്ടിക്കിടക്കുന്നത്. ഭാവിയിൽ കേസുകളൊന്നും ഉണ്ടായില്ലെങ്കിൽ പോലും (അതചിന്ത്യമാണ്) നിലവിലുള്ള കേസുകൾ തീരാൻ ഒരു നൂറു കൊല്ലമെങ്കിലും വേണ്ടിവരുമെന്നാണ് ആ രംഗത്തുള്ളവർ പറയുന്നത്. രാജ്യത്ത് പതിനായിരം കോടതികളെങ്കിലും പുതുതായി സ്ഥാപിക്കേണ്ടതുണ്ടെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഈയിടെ പ്രസ്താവിക്കുകയുണ്ടായി. കുറ്റകൃത്യങ്ങൾ പെരുകുന്നതും കോടതി നടപടികൾ നീണ്ടുപോകുന്നതും മൂലം രാജ്യത്തിനുണ്ടാകുന്ന സാമ്പത്തികനഷ്ടം, പതിനായിരം പുതിയ കോടതികൾ സ്ഥാപിക്കാൻ വേണ്ടിവരുന്ന 5000 കോടി രൂപയേക്കാൾ വളരെ കൂടുതലായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

നമ്മുടെ കോടതികളിൽ നീതി തേടുന്നവർക്ക് പലപ്പോഴും അത് ലഭിക്കുന്നത് മരണാനന്തര ബഹുമതിയായിട്ടാണ്. താമസിച്ചെത്തുന്ന നീതി, നീതിനിഷേധംതന്നെ. എല്ലാവർക്കും ലഭ്യമാവുക, എളുപ്പത്തിൽ ലഭ്യമാവുക എന്നത് നീതിയുടെ പ്രാഥമിക തത്വമാണ്. നമ്മുടെ സമൂഹത്തിൽ നീതി ധാരാളം പണവും പ്രയത്നവും ആവശ്യമുള്ളതും സാധാരണക്കാർക്ക് അപ്രാപ്യവുമായ ഒന്നായിത്തീർന്നിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തിന് അറുതിവരുത്താൻ പര്യാപ്തമായ നിയമപരിഷ്കാരങ്ങളാണിന്നാവശ്യം. ■